# ഇലത്താളം

ഉത്സവപ്പറമ്പിലാന
നിരക്കുന്നു, ദൂരെ ഭക്ത-
വത്സലനാം ഭഗവാന്റെ
തിടമ്പുമേറ്റി!

തുടങ്ങുന്നു! വാദ്യമേള-
പ്രപഞ്ചത്തിന്നലകർണ്ണ
പുടങ്ങളിലമൃതം പോ-
ലണഞ്ഞീടുന്നു.

ചിലമ്പിച്ച നാദമെന്റെ
കാതുകൾക്കു കുളിരായി-
ട്ടിലത്താളത്തിങ്കൽ നിന്നു
മൊഴുകീടുന്നു

പരസ്പരം കൂട്ടിമുട്ടി
നീ പൊഴിയ്ക്കും കലമ്പിച്ച
സ്വരരാഗലയമെത്ര
സുഖം തരുന്നു!

ദേവനും നിർവൃതികൊൾകെ
വാനരികിൽ പുഞ്ചിരിപ്പൂ
തൂവിടും പൗർണ്ണമിയൊന്നു
തെളിഞ്ഞീടുന്നു.

തലയാട്ടിക്കറുമ്പനാ
നില്പ്പുനിന്നെങ്കിലും കാലിൽ
കിലുങ്ങീടും ചങ്ങലയ്ക്കും
നാണമാകുന്നു.

ഝിലും ഝിലും നാദമാകെ
പ്രപഞ്ചത്തിൽ നിറച്ചും കൊ-
ണ്ടിലത്താളം രസംകോരി-
ച്ചൊരിഞ്ഞീടുന്നു!

മുഴങ്ങുന്നു! താളമേള-
പ്രപഞ്ചത്തിന്നല ചുറ്റു-
മൊഴുക്കീടും സ്വനം കാറ്റി-
ലലിഞ്ഞീടുന്നു.

കുലുങ്ങിച്ചിരിച്ചൊഴുകും
നദിപ്പെണ്ണിൻ പാദസരം
കിലുങ്ങും പോലൊലി പൊട്ടി-
ച്ചിതറീടുന്നു!

അതുകേട്ടിട്ടരയാലി-
ന്നിലകളിലിളംകാറ്റു
ശ്രുതിയിട്ടു ചെറുതാളം
പിടിച്ചീടുന്നു!

അനുനാദം തീർത്ത ശബ്ദ
വിസ്മയത്തിൻ ധ്വനികൾ തൻ
അനുഭൂതി ദിക്കുനാലും
നിറഞ്ഞീടുന്നു!